സ.ഉ.(സാധാ) നം.3001/2022/LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്: - പഞ്ചായത്ത് ജീവനക്കാര്യം; - പാലക്കാട് ജില്ല - കൊടുമ്പ് ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. എൻ. വിനോദ് കുമാറിനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.3001/2022/LSGD തീയതി,തിരുവനന്തപുരം, 04-12-2022

പരാമർശം:-

1. പഞ്ചായത്ത് ഡയറക്ടറുടെ 06/08/2018 ലെ ഡി10-16053/15 നമ്പർ കത്ത്.
2. പഞ്ചായത്ത് ഡയറക്ടറുടെ 22/03/2020 ലെ PAN/3768/2020-D10(DP) നമ്പർ കത്ത്.
3. സർക്കാരിന്റെ 17/07/2020 ലെ ഇപിബി3/256/2018/തസ്വഭവ. നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
4. ശ്രീ. എൻ. വിനോദ്കുമാർ 09/09/2020 ൽ സമർപ്പിച്ച എതിർവാദ പത്രിക.
5. സ.ഉ.(സാധാ)നം.1635/2021/തസ്വഭവ. തീയതി, 29/08/2021.
6. പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 11/11/2022 തീയതിയിലെ എ.വി.എസ്-15702/2016 നമ്പർ ഔപചാരിക അന്വേഷണ റിപ്പോർട്ട്.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ എലപ്പുള്ളി ഗ്രാമപഞ്ചായത്തിന്റെ ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടതും റവന്യൂ രേഖകളിൽ നിലം വിഭാഗത്തിൽപ്പെടുന്ന ഭൂമി എന്ന് രേഖപ്പെടുത്തിയിട്ടുള്ളതുമായ വസ്തുക്കളിൽ 16 കെട്ടിടങ്ങൾക്ക് ടി ഫയലുകളിൽ സാങ്കേതിക പരിശോധനാ റിപ്പോർട്ടോ, സ്ഥലപരിശോധനാ റിപ്പോർട്ടോ സെക്ഷൻ ക്ലാർക്കിന്റെ രേഖപ്പെടുത്തലുകളോ ഇല്ലാതെ കെട്ടിട നിർമ്മാണാനുമതി/കെട്ടിടനമ്പർ അനുവദിച്ചിട്ടുള്ളതാണെന്നും, ആർ.ഡി.ഒ നൽകുന്ന കേരള ലാന്റ് യുട്ടിലൈസേഷൻ അനുമതി, നിലം നികത്ത് ഭൂമിയിൽ വീട് നിർമ്മിക്കാനുള്ള അപേക്ഷകൾ പരിഗണിക്കാനുള്ള സമിതിയുടെ അനുമതി എന്നിവ ലഭ്യമാക്കാതെ നിലം വിഭാഗത്തിൽപ്പെടുന്ന സ്ഥലത്ത് 16 കെട്ടിട നിർമ്മാണാനുമതി/കെട്ടിട നമ്പർ നൽകിയത് നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമാണെന്നുമുള്ള കുറ്റാരോപണത്തിന് കൊടുമ്പ് ഗ്രമപഞ്ചായത്ത് സെക്രട്ടറിയും, എലപ്പുള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പൂർണ്ണ അധിക ചുമതല വഹിച്ചിരുന്ന സെക്രട്ടറിയുമായ ശ്രീ. എൻ വിനോദ്കുമാറിനെതിരെ പഞ്ചായത്ത് ഡയറക്ടർ കുറ്റാരോപണ മെമ്മോ നൽകി അച്ചടക്ക നടപടി തുടർന്ന് വരവേ ടിയാൻ 31/08/2017 ൽ സേവനത്തിൽ നിന്നും വിരമിച്ച സാഹചര്യത്തിൽ ടിയാന്റെ ഭാഗത്ത് നിന്ന് ഗുരുതരമായ വീഴ്ച ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാലും ടിയാനെതിരെ KCS (CC&A) പ്രകാരം ആരംഭിച്ച അച്ചടക്കനടപടി പഞ്ചായത്ത് ഡയറക്ടർ തീർപ്പാക്കുകയും തുടർന്ന് KSR പാർട്ട് 3 പ്രകാരം നടപടി സ്വീകരിക്കുന്നതിനായി പരാമർശം (1) പ്രകാരം സർക്കാരിൽ റിപ്പോർട്ട് ചെയ്യുകയും ചെയ്തു.

തുടർന്ന് ശ്രീ. വിനോദ്കുമാറിന് പരാമർശം (3) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ടിയാൻ പരാമർശം (4) പ്രകാരം ആയതിനുള്ള മറുപടി നൽകിയിരുന്നു. ടിയാനെതിരായ അച്ചടക്കനടപടിയിൽ തുടർനടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ഔപചാരിക അന്വേഷണം നടത്തുന്നതിന് പരാമർശം (5) പ്രകാരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,

പാലക്കാട്- നെ ചുമതലപ്പെടുത്തി ഉത്തരവായിരുന്നു.

പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ലഭ്യമാക്കിയ പരാമർശം (6) പ്രകാരമുള്ള ഔപചാരിക അന്വേഷണ റിപ്പോർട്ട് പ്രകാരം ശ്രീ.എൻ.വിനോദ്കുമാർ എന്നവർ 28.05.2021 ന് മരണപ്പെട്ടതിനാൽ ടിയാനെ ഔപചാരിക അന്വേഷണത്തിന്റെ ഭാഗമായി നേരിൽ കേൾക്കാനായില്ലായെന്നും എലപ്പുള്ളി ഗ്രാമപഞ്ചായത്തിൽ 06/10/2021 തീയതിയിൽ അന്വേഷണം നടത്തിയതുമായി ബന്ധപ്പെട്ട്, ശ്രീ. വിനോദ്കുമാർ 13 കെട്ടിടങ്ങൾക്ക് കെട്ടിട നിർമ്മാണാനുമതി/കെട്ടിട നമ്പർ, എൻ.ഒ.സി എന്നിവ നൽകിയതായി കാണുന്നതായും ആയത് സംബന്ധിച്ച് ഫയൽ, തണ്ണീർതട ഡാറ്റാ ബാങ്ക് തുടങ്ങിയ രേഖകൾ പരിശോധിക്കുകയും എലപ്പുള്ളി ഗ്രാമപഞ്ചായത്ത് കാറ്റഗറി-2ൽ ഉൾപ്പെട്ടതാണെന്നും, ശ്രീ.വിനോദ്കുമാർ.എൻ എലപ്പുള്ളി ഗ്രാമപഞ്ചായത്തിൽ അനുമതി നൽകിയ ആകെ 13 ഫയലുകളിൽ 1 കെട്ടിടനിർമ്മാണ പെർമിറ്റ്, 2 കെട്ടിടനിർമ്മാണ എൻ.ഒ.സി., 10 കെട്ടിട നമ്പറുകൾ എന്നിവയാണ്.

ടി 13 ഫയലുകൾ പരിശോധിച്ചതിൽ എൽ.എസ്.ജി.ഡി. സാങ്കേതിക വിഭാഗം പരിശോധന നടത്തിയ റിപ്പോർട്ടോ, സെക്ഷൻക്ലർക്ക്, സൂപ്പർവൈസറി ഉദ്യോഗസ്ഥൻ എന്നിവരുടെ രേഖപ്പെടുത്തലുകളോ ഇല്ലാതെയാണ് സെക്രട്ടറിയായ ശ്രീ. എൻ.വിനോദ്കുമാർ എന്നവർ കെട്ടിട നിർമ്മാണ അനുമതി/കെട്ടിടനമ്പർ അനുവദിച്ചിട്ടുള്ളതെന്ന് കാണുന്നു.

15.06.2013 തീയതിയിലെ സർക്കാർ ഉത്തരവ് നം 32131/RA1/LSGD പ്രകാരം കെട്ടിടനിർമ്മാണത്തിനുള്ള അപേക്ഷയും പ്ലാനും പഞ്ചായത്തിലെ ബന്ധപ്പെട്ട സാങ്കേതിക വിദഗ്ധർ പരിശോധന നടത്തിയതിന് ശേഷം നൽകുന്ന ശുപാർശയുടെ അടിസ്ഥാനത്തിൽ മാത്രമേ കെട്ടിടനിർമ്മാണ അനുമതി നൽകാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും, ആയത് പാലിച്ചിട്ടില്ലാത്തതാണ്. കൂടാതെ ആർ.ഡി.ഒ. നൽകുന്ന ലാൻഡ് യൂട്ടിലൈസേഷൻ അനുമതി നിലം നികത്ത് ഭൂമിയിൽ വീട് നിർമ്മിക്കാനുള്ള അനുമതിക്കായുള്ള അപേക്ഷകൾ പരിഗണിക്കാനുള്ള സമിതിയുടെ അനുമതി എന്നിവ ലഭ്യമാക്കി കാണുന്നില്ല.

22/01/2011 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ 4545/RA1/11/LSGD പ്രകാരം കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം ബാധകമാകുന്നതിന് മുമ്പ് തന്നെ' നിലമെന്ന് റവന്യൂ രേഖപ്പെടുത്തിയതും നിയമം നിലവിൽ വരുന്നതിന് കുറഞ്ഞത് 10 വർഷം മുമ്പ് നികത്തപ്പെട്ടതുമായ സ്ഥലത്ത് കൃഷി ഓഫീസർ, വില്ലേജ് ഓഫീസർ, അസിസ്റ്റന്റ് എഞ്ചിനിയർ, പഞ്ചായത്ത് സെക്രട്ടറി എന്നിവരടങ്ങുന്ന കമ്മിറ്റി സ്ഥലപരിശോധന നടത്തി, സ്ഥലത്തിന്റെ ഫോട്ടോ എടുത്ത്, മഹസ്സർ തയ്യാറാക്കി കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനുത്തിൽ മറ്റെവിടേയും വീടില്ലാത്ത അപേക്ഷകർക്ക് മാത്രം 300 ചതുരശ്ര മീറ്ററിൽ കുറവ് വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുന്നതിന് അനുമതി നൽകാവുന്നതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇത്തരത്തിലുള്ള നടപടി ക്രമങ്ങളൊന്നും പാലിക്കാതെ കെട്ടിടനിർമ്മാണത്തിന് എലപ്പുള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ നിശ്ചിത പ്രഫോർമയിൽ പെർമിറ്റ് ആവശ്യമില്ലെന്നുള്ള സാക്ഷ്യപത്രം അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്. ആയത് സെക്രട്ടറിയുടെ ഭാഗത്ത് നിന്നുണ്ടായ ഗുരുതരമായ വീഴ്ച്ചയാണെന്ന് കാണുന്നു.

കൊടുമ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. എൻ. വിനോദ് കുമാർ എലപ്പുള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പൂർണ്ണ അധിക ചുമതല വഹിച്ചിരുന്ന കാലയളവിലാണ് മേൽ പ്രതിപാദിച്ച കെട്ടിടനിർമ്മാണാനുമതി/കെട്ടിട നമ്പർ, എൻ.ഒ.സി എന്നിവ അനുവദിച്ചിട്ടുള്ളത്. 2013 നവംബർ മുതൽ 2014 ജനുവരി വരെയാണ് ടിയാൻ എലപ്പുള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പൂർണ്ണഅധിക ചുമതല വഹിച്ചിരുന്നത്. എന്നാൽ ടിയാൻ 28.05.2021 തീയതിയിൽ മരണപ്പെട്ട സാഹചര്യത്തിൽ ടിയാനെതിരായ അച്ചടക്കനടപടിയിൽ ഉചിതമായ നടപടി കൈക്കൊള്ളവുന്നതാണെന്ന അഭിപ്രായത്തോടെ പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

ഔപചാരിക അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പാലക്കാട് ജില്ലയിലെ എലപ്പുള്ളി ഗ്രാമപഞ്ചായത്തിൽ അനധികൃതമായി കെട്ടിട നിർമ്മാണ അനുമതി/കെട്ടിടനമ്പർ അനുവദിച്ച വിഷയത്തിൽ ശ്രീ. എൻ. വിനോദ് കുമാർ ഗുരുതരമായ വീഴ്ച്ച വരുത്തിയതായി കണ്ടെത്തിയിട്ടുണ്ടെങ്കിലും ശ്രീ. എൻ. വിനോദ് കുമാർ മരണമടഞ്ഞ സാഹചര്യത്തിൽ KSR പാർട്ട് 3 പ്രകാരം ടിയാനെതിരെ ആരംഭിച്ച അച്ചടക്കനടപടി, ടിയാനെ തുടർനടപടിയിൽ നിന്നും ഒഴിവാക്കിക്കൊണ്ട് തീർപ്പാക്കിഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

1. ശ്രീ. എൻ. വിനോദ് കുമാർ (Late), മുൻ സെക്രട്ടറി, കൊടുമ്പ് ഗ്രാമപഞ്ചായത്ത് (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന).
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം/തൃശ്ശൂർ.
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
5. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം.
6. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി. *(ഇപിബി3/256/2018/തസ്വഭവ. നമ്പർ ഫയിലിൽ).*

ഉത്തരവിൻ പ്രകാരം

**Signed by Noushad M**
**Date: 05-12-2022 11:00:52**
സെക്ഷൻ ഓഫീസർ